# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.09.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഒഡിഷ സന്ദർശിക്കും; സ്വദേശി 4G നെറ്റ്‌വർക്ക് ഉൾപ്പെടെ വിവിധ പദ്ധതികൾ രാഷ്ട്രത്തിന് സമർപ്പിക്കും.

   Prime Minister Narendra Modi will visit Odisha today; PM will dedicate various projects including swadeshi 4G network to the nation.

2. ഏകദിന സന്ദർശനത്തിനായി കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡ, കേന്ദ്ര സഹമന്ത്രിമാരായ എൽ മുരുഗൻ, ജോർജ് കുര്യൻ എന്നിവർ ഇന്ന് കേരളത്തിൽ; കൊല്ലത്ത് മാതാ അമൃതാനന്ദമയിയുടെ 72-ാം ജന്മദിനാഘോഷങ്ങളിൽ പങ്കെടുക്കും.

   Union Health Minister JP Nadda, Union Ministers of State L Murugan and George Kurien will be in Kerala today for a day visit; Ministers will participate in the 72nd birth anniversary celebrations of Mata Amritanandamayi in Kollam.

3. കേരളത്തിൽ ഇന്നും വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; വടക്കൻ ജില്ലകളിൽ ഓറഞ്ച് ജാഗ്രത; കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്ക്.

   IMD predicts widespread rains in Kerala today; Orange alert in northern districts; Fishermen are advised not to venture along Kerala, Karnataka and Lakshadweep coasts till tomorrow.

4. ടൂറിസവും സുസ്ഥിര പരിവർത്തനവും എന്ന പ്രമേയവുമായി ഇന്ന് ലോക ടൂറിസം ദിനം.

Today is World Tourism Day with the theme of Tourism and Sustainable Transformation.

5. ഏഷ്യാകപ്പിലെ അവസാന സൂപ്പർ ഫോർ മത്സരത്തിൽ ശ്രീലങ്കയ്ക്കെതിരെ ഇന്ത്യയ്ക്ക് വിജയം; ഇന്ത്യ-പാക് ഫൈനൽ പോരാട്ടം നാളെ.

India wins against Sri Lanka in the last Super Four match of the Asia Cup: India-Pak final match will held tomorrow.

6. 12-ാമത് ലോക പാര അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും.

The 12th World Para Athletics Championship will begin in New Delhi today.

&&&&&&&&&&&&&&

## PM-ODISHA VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഒഡിഷ സന്ദർശിക്കും. ഒഡിഷയിലെ ജാർസുഗുഡയിൽ അറുപതിനായിരം കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും അദ്ദേഹം നിർവഹിക്കും. പൊതുസമ്മേളനത്തെയും ശ്രീ മോദി അഭിസംബോധന ചെയ്യും. ടെലികോം കണക്റ്റിവിറ്റി മേഖലയിൽ, സ്വദേശി സാങ്കേതികവിദ്യ ഉപയോഗിച്ച് ഏകദേശം 37,000 കോടി രൂപ ചെലവിൽ നിർമ്മിച്ച 97,500-ലധികം മൊബൈൽ 4G ടവറുകൾ പ്രധാനമന്ത്രി കമ്മീഷൻ ചെയ്യും. ഇതിൽ ബിഎസ്എൻഎൽ കമ്മീഷൻ ചെയ്ത 92,600-ലധികം 4G സാങ്കേതിക സൈറ്റുകളും ഉൾപ്പെടുന്നു. തിരുപ്പതി, പാലക്കാട്, ഭിലായ്, ജമ്മു, ധാർവാഡ്, ജോധ്പൂർ, പട്ന, ഇൻഡോർ എന്നിവിടങ്ങളിലായി ഏകദേശം 11,000 കോടി രൂപ മുതൽമുടക്കിൽ നിർമ്മിക്കുന്ന എട്ട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികളുടെ വികസനത്തിന് പ്രധാനമന്ത്രി തറക്കല്ലിടും. അന്ത്യോദയ ഗൃഹ യോജനയ്ക്ക് കീഴിലുള്ള 50,000 ഗുണഭോക്താക്കൾക്കുള്ള അനുമതി പത്രങ്ങൾ ശ്രീ നരേന്ദ്ര മോദി ചടങ്ങിൽ വിതരണം ചെയ്യും.

&&&&&&&&&&&&&&

## PREZ-JUDGES APPOINTMENTS

അലഹബാദ് ഹൈക്കോടതിയിലേക്ക് 24 ജഡ്ജിമാരെ നിയമിച്ച് രാഷ്ട്രപതി ദ്രൗപദി മുർമ്മു. ഹിമാചൽ പ്രദേശ്

ഹൈക്കോടതിയിലേക്ക് രണ്ട് ജഡ്ജിമാരെയും കർണാടക ഹൈക്കോടതിയിലേക്ക് ഒരു സ്ഥിരം ജഡ്ജിനേയും മൂന്ന് അഡിഷണൻ ജഡ്ജിമാരേയും നിയമിച്ചിട്ടുണ്ട്.

&&&&&&&&&&&&&&

## JAISHANKAR-BRICS-IBSA

യുഎൻ സുരക്ഷാ കൗൺസിലിൻറെ സമഗ്രപരിഷ്കരണത്തിനായുള്ള കൂട്ടായ ആഹ്വാനം ബ്രിക്സ് ശക്തിപ്പെടുത്തണമെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. യുഎൻ പൊതുസഭയുടെ 80-ാമത് സമ്മേളനത്തോടനുബന്ധിച്ച് ന്യൂയോർക്കിൽ ബ്രിക്സ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിന് അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യ-ബ്രസീൽ-ദക്ഷിണാഫ്രിക്ക ഡയലോഗ് ഫോറം മന്ത്രിമാരുടെ യോഗത്തിലും ശ്രീ ജയശങ്കർ അധ്യക്ഷത വഹിച്ചു.

&&&&&&&&&&&&&&

## REV MEA-BRIEFING (INTRO)

ജനുവരി 20 മുതൽ സെപ്റ്റംബർ 25 വരെ അമേരിക്കയിൽ നിന്ന് 2,417 ഇന്ത്യക്കാരെയാണ് മടക്കി അയച്ചതെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ. വിഷയം സസൂക്ഷ്മം നിരീക്ഷിച്ച് വരുന്നതായും അദ്ദേഹം പറഞ്ഞു.

(വോയ്സ്)

റഷ്യൻ സേനയിൽ അവസരം വാഗ്ദാനം ചെയ്യുള്ള തട്ടിപ്പുകൾക്ക് നേരെ ജനങ്ങൾ ജാഗ്രത പുലർത്തണമെന്നും ശ്രീ ജയ്സ്വാൾ പറഞ്ഞു.

&&&&&&&&&&&&&&

## PURI-NATURAL GAS

ആൻഡമാൻ കടലിൽ പ്രകൃതിവാതകം കണ്ടെത്തിയതായി കേന്ദ്ര പെട്രോളിയം മന്ത്രി ഹർദീപ് സിംഗ് പുരി. മേഖലയിൽ പ്രകൃതിവാതകം സമ്പുഷ്ടമാണെന്ന ദീർഘകാല വിശ്വാസത്തെ സ്ഥിരീകരിക്കുന്നതാണ് കണ്ടെത്തൽ. ആൻഡമാൻ ദ്വീപുകളുടെ കിഴക്കൻ തീരത്ത് നിന്ന് 9.20 നോട്ടിക്കൽ

മൈൽ അകലെ ശ്രീ വിജയപുരത്താണ് പ്രകൃതിവാതകം കണ്ടെത്തി യതെന്ന് ശ്രീ പുരി സമൂഹമാധ്യമത്തിൽ അറിയിച്ചു. കാക്കിനടയിൽ നടത്തിയ പരിശോധനയിൽ വാതകം 87 ശതമാനം മീഥേൻ ആണെന്ന് കണ്ടെത്തിയതായും കേന്ദ്രമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&

## NADDA-NOHM

നാഷണൽ വൺ ഹെൽത്ത് മിഷന്റ പുരോഗതി കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നഡ്ഡ ഇന്നലെ ന്യൂഡൽഹിയിൽ അവലോകനം ചെയ്തു. മനുഷ്യരുടെയും മൃഗങ്ങളുടെയും പരിസ്ഥിതിയുടെയും ആരോഗ്യത്തിന്റെ പരസ്പരബന്ധം തിരിച്ചറിയുന്നതിൽ NOHM ന്റെ പങ്കിനെ അദ്ദേഹം എടുത്തു കാട്ടി. NOHM വഴി വിവിധ വകുപ്പുകൾ നടത്തുന്ന ഏകോപിത ശ്രമങ്ങൾ മികച്ച ഫലങ്ങൾ സൃഷ്ടിക്കുന്നതായും ശ്രീ നഡ്ഡ അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&

## L .MURUGAN

ഏകദിന സന്ദർശനത്തിനായി കേരളത്തിലെത്തുന്ന കേന്ദ്ര ആരോ ഗ്യമന്ത്രി ജെ പി നഡ്ഡ, കേന്ദ്ര സഹമന്ത്രിമാരായ എൽ മുരുഗൻ, ജോർജ് കുര്യൻ എന്നിവർ ഇന്ന് കൊല്ലത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും. മാതാ അമൃതാനന്ദമയിയുടെ 72-ാം ജന്മദിനാഘോഷ പരിപാടിയുടെ ഭാഗമായി വള്ളിക്കാവ് അമൃത വിശ്വ വിദ്യാപീഠം ക്യാമ്പസിലെ അമൃത വർഷം പരിപാടിയിൽ സംബന്ധിക്കും. കൊല്ലത്ത് ചേരുന്ന BJP സംസ്ഥാനസമിതി യോഗത്തിലും മന്ത്രിമാർ പങ്കെടുക്കും. പാർട്ടി ദേശീയ അധ്യക്ഷൻ JP നഡ്ഡ യോഗം ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&

## RAIN -KERALA

കേരളത്തിൽ ഇന്നും വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർ ഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. എറണാകുളം മുതൽ മലപ്പുറം വരെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. ശക്തമായ കാറ്റിന് സാധ്യതയെന്നും

മുന്നറിയിപ്പുണ്ട്. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&

## ODISHA – RAIN

ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ന്യൂനമർദത്തിൻറെ സ്വാധീനത്താൽ ഒഡിഷയിലെ വിവിധ ഇടങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. 17 ജില്ലകളിലെ കളക്ടർമാരോട് ജാഗ്രത തുടരാനും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ തയ്യാറായിരിക്കാനും മുഖ്യമന്ത്രി മോഹൻ ചരൺ മാഞ്ചി നിർദേശിച്ചു.

&&&&&&&&&&&&&&

## SEVA PARV – HERITAGES (INTRO)

പൊതുസേവനവും, സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ, ഇന്ത്യയുടെ സാംസ്കാരിക അഭിമാനത്തെ പുനരുജ്ജീവിപ്പിച്ചതിനെക്കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവ പർവ്വിൽ ഇന്ന്. (വോയ്സ്)

## SEVA PARV – HERITAGES (VOICE)

(മ്യൂസിക്)

വിദേശത്ത് നിന്ന് മോഷ്ടിക്കപ്പെട്ട വിഗ്രഹങ്ങളും അമൂല്യ വസ്തുക്കളും തിരികെ കൊണ്ടുവരുന്നത് മുതൽ, വളരെക്കാലമായി നഷ്ടപ്പെട്ട പുരാവസ്തുക്കൾ പുനഃസ്ഥാപിക്കുന്നത് വരെ നിരവധി പ്രവർത്തനങ്ങളാണ് രാജ്യത്തിൻ്റെ സാംസ്കാരിക പുനരുജ്ജീവനത്തിനായി കേന്ദ്രം നടത്തിയത്. പൈതൃകം വെറും ചരിത്രമല്ല, അത് മനുഷ്യത്വത്തിന്റെ പങ്കുവയ്ക്കപ്പെട്ട അറിവാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.... **(പി എം വോയിസ്)**

2014 മുതൽ മോഷ്ടിക്കപ്പെട്ട 642 പുരാവസ്തുക്കൾ കണ്ടെത്തിയിട്ടുണ്ട്. ഒരിക്കൽ വിദേശത്തേക്ക് കടത്തപ്പെട്ട പുരാവസ്തുക്കളിൽ പലതും ഇപ്പോൾ നയതന്ത്ര മാർഗങ്ങളിലൂടെയും നിയമനടപടികളിലൂടെയും സാംസ്കാരിക സഹകരണത്തിലൂടെയും തിരിച്ചെത്തിച്ചു വരികയാണ്. **(മ്യൂസിക്)**

&&&&&&&&&&&&&&

## WORLD TOURISM DAY

ഇന്ന് ലോക ടൂറിസം ദിനം. 1980 ൽ ഐക്യരാഷ്ട്ര സഭയുടെ വേൾഡ് ടൂറിസം സംഘടനയാണ് സെപ്റ്റംബർ 27 ലോക ടൂറിസം ദിനമായി ആചരിക്കാൻ തീരുമാനിച്ചത്. സമൂഹത്തിൽ ടൂറിസത്തിന്റെ പങ്കിനെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുകയാണ് ദിനാചരണത്തിൻറെ ലക്ഷ്യം. യാത്ര, സംസ്കാരം, സാമ്പത്തിക വളർച്ച, സുസ്ഥിര വികസനം എന്നിവയെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ദിനം ഓർമ്മിപ്പിക്കുന്നു. 'ടൂറിസവും സുസ്ഥിര പരിവർത്തനവും' എന്നതാണ് ഈ വർഷത്തെ പ്രമേയം.

&&&&&&&&&&&&&&

## TOURISM DAY-CLEANING DRIVE

ലോക ടൂറിസം ദിനത്തിന്റെ ഭാഗമായി കേന്ദ്ര ടൂറിസം മന്ത്രാലയം കൊച്ചി ഓഫീസും കണ്ണൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും സംയുക്തമായി സംഘടിപ്പിക്കുന്ന ശുചീകരണ യജ്ഞം ഇന്ന് രാവിലെ 8.30 ന് കണ്ണൂർ പയ്യാമ്പലം ബീച്ചിൽ നടക്കും. അതേസമയം കോഴിക്കോട് നഗരത്തെ ആഗോള വെഡ്ഡിംഗ് ഡെസ്റ്റിനേഷനാക്കാൻ ആരംഭിക്കുന്ന ക്യാമ്പയിൻ മന്ത്രി P A മുഹമ്മദ് റിയാസ് ഇന്ന് വൈകിട്ട് ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&

## GST REFORM-TOURISM

ടൂറിസത്തെ കൂടുതൽ താങ്ങാനാവുന്നതാക്കി മാറ്റുന്നത് ലക്ഷ്യമിട്ട് ഗണ്യമായ നികുതി ഇളവുകളാണ് പുതിയ ജിഎസ്ടി പരിഷ്കാരങ്ങൾ പ്രകാരം, കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചത്. പ്രതി ദിനം 7,500 രൂപയിൽ താഴെയുള്ള ഹോട്ടൽ മുറികളുടെ ജിഎസ്ടി 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചു. ആഭ്യന്തര ടൂറിസം വർദ്ധിപ്പിക്കാനും, അന്താരാഷ്ട്ര സന്ദർശകരെ ആകർഷിക്കാനുമുള്ള നീക്കമാണിത്. പൈതൃക ടൂറിസം, ഹോംസ്റ്റേകൾ, ഇക്കോ-ടൂറിസം സർക്യൂട്ടുകൾ എന്നിവയുടെ വളർച്ചയെ ഇത് സഹായിക്കും.

&&&&&&&&&&&&&&

## REV CRICKET

ഏഷ്യാകപ്പിലെ അവസാന സൂപ്പർ ഫോർ മത്സരത്തിൽ ശ്രീലങ്കയ്ക്കെതിരെ ഇന്ത്യയ്ക്ക് വിജയം. സൂപ്പർ ഓവറിൽ ശ്രീലങ്ക ഉയർത്തിയ മൂന്ന് റൺസ് വിജയലക്ഷ്യം ഇന്ത്യ അനായാസം മറികടന്നു. ഇന്ത്യ ഉയർത്തിയ 203 റൺസ് വിജയലക്ഷ്യവുമായി ബാറ്റേന്തിയ ശ്രീലങ്ക 20 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 202 റൺസാണ് എടുത്തത്. നാളെ ദുബായിലാണ് ഇന്ത്യ-പാക് ഫൈനൽ. രാത്രി 8 മണിയ്ക്കാണ് മത്സരം.

&&&&&&&&&&&&&&

## WORLD-PARA ATHLETICS

12-ാമത് ലോക പാര അത്ലറ്റിക് ചാമ്പ്യൻഷിപ്പിന് ഇന്ന് ന്യൂഡൽഹിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ തുടക്കമാകും. ഒൻപത് ദിവസത്തെ ചാമ്പ്യൻഷിപ്പിൽ 186 ഇനങ്ങളിൽ മത്സരങ്ങൾ നടക്കും. 100 ലധികം രാജ്യങ്ങളിൽ നിന്നുള്ള ആയിരത്തിലേറെ കായിക താരങ്ങൾ പങ്കെടുക്കും. ചാമ്പ്യൻഷിപ്പ് അടുത്ത മാസം അഞ്ചിന് അവസാനിക്കും.

&&&&&&&&&&&&&&

## ANOUNCEMENT

സേവാ പർവ്വിന്റെ ഭാഗമായി ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന, പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജനയെ കുറിച്ചുള്ള പ്രത്യേക ചർച്ച ഇന്നും, നാളെയും ഉച്ച കഴിഞ്ഞ് 3.30 ന് പ്രക്ഷേപണം ചെയ്യും. വിഴിഞ്ഞം ഐ സി എ ആർ- സെൻട്രൽ മെറൈൻ ഫിഷറീസ് റീസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ സീനിയർ സയന്റിസ്റ്റ് ഡോക്ടർ സൂര്യ എസ്സ് സംസാരിക്കും.

&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&